പൊതുവിദ്യാഭ്യാസഡയറക്ടറുടെ
കാര്യാലയം, ഹയർ സെക്കന്ററി
വിഭാഗം,ഹൗസിങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം.

**എസിഡി എസ്.പി.സി(2)/216669/2021/എച്ച്.എസ്.ഇ** **തീയതി : 01/11/2021**

## സർക്കുലർ

**വിഷയം**:- ഹ.സെ.വി.- ജി-സ്യൂട്ട് ഓൺലൈൻ പഠനം- ഹയർസെക്കന്ററി സ്കൂൾ അധ്യാപകർക്ക് പ്രത്യേക പരിശീലനവും കുട്ടികൾക്ക് ജി-സ്യൂട്ട് ഉപയോഗിച്ചുള്ള ഓൺലൈൻ ക്ലാസും ക്രമീകരിക്കുന്നത്-തുടർ നിർദ്ദേശങ്ങൾ- സംബന്ധിച്ച്.

സൂചന:- 1. 29.10.2021 തിയതിയിലെ ഇതേ നമ്പർ സർക്കുലർ.
2. കൈറ്റ് ചീഫ് എക്സിക്യൂട്ടിവ് ഓഫിസറുടെ 30.10.2021 തിയതിയിലെ കൈറ്റ്/2021/1702(30) നമ്പർ സർക്കുലർ.

നവംബർ 01 മുതൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കുമ്പോൾ അധ്യാപകരും വിദ്യാർത്ഥികളും നേരിട്ട് സ്കൂളിൽ എത്തിയുള്ള പഠനം, ഡിജിറ്റൽ പഠനം, ഓൺലൈൻ പഠനം എന്നിവയെല്ലാം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണ സമയം ക്രമീകരിച്ചുകൊണ്ട് ഡിജിറ്റൽ ക്ലാസുകളും ജി-സ്യൂട്ട് സംവിധാനം പ്രയോജനപ്പെടുത്തിയുള്ള ഓൺലൈൻ ക്ലാസുകളും സജ്ജീകരിച്ചിട്ടുണ്ട്. കൈറ്റ് സി.ഇ.ഒ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണ് സൂചന(1) പ്രകാരമുള്ള സർക്കുലർ പ്രസിദ്ധീകരിച്ചത്. എന്നാൽ നവംബർ 8-ാം തിയതി മുതൽ മൂല്യനിർണ്ണയം വീണ്ടും തുടങ്ങുന്നതിനാൽ കൈറ്റ് സി.ഇ.ഒ സൂചന(2) പ്രകാരം സർക്കുലർ ഇറക്കിയിട്ടുണ്ട്. അതുപ്രകാരം ഹയർസെക്കന്ററി അധ്യാപകർക്കും പ്രിൻസിപ്പൾമാർക്കുമുള്ള തുടർ നിർദ്ദേശങ്ങൾ താഴെ പറയുന്ന വിധം പാലിക്കേണ്ടതാണ്.

1. ഹയർസെക്കന്ററി ഒന്നാം വർഷ മൂല്യ നിർണ്ണയം നടക്കുന്നതിനാൽ ജി-സ്യൂട്ടിൽ പരിശീലനം ലഭിക്കാത്ത ഹയർസെക്കന്ററി അധ്യാപകർക്ക് സൂചന(1) പ്രകാരം പരിശീലനം നൽകുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്ന HITC, ജോയിന്റ് HITC, കമ്പ്യൂട്ടർ സയൻസ് അധ്യാപകർ എന്നിവരുടെ വിശദാംശം അതാത് പ്രിൻസിപ്പൽമാർ ട്രയിനിങ് മാനേജ്മെന്റ് സിസ്റ്റത്തിൽ (ict.kite.kerala.gov.in/tms/tms2021) നവംബർ 03-ന് മുൻപ് ഉൾപ്പെടുത്തേണ്ടതാണ്.
2. പരീക്ഷാമൂല്യനിർണ്ണയ ഡ്യൂട്ടി പോലെ ഒഴിവാക്കാൻ കഴിയാത്ത ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന അധ്യാപകർക്ക് ജി-സ്യൂട്ട് പരിശീലനത്തിനായി അതാത് പ്രിൻസിപ്പൽമാർ കൈറ്റിന്റെ ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് മറ്റൊരു ദിവസം ക്രമീകരിക്കേണ്ടതാണ്.
3. ഹയർസെക്കന്ററി വിഭാഗം കുട്ടികൾക്ക് ജി-സ്യൂട്ട് യൂസർ ഐഡിയും പാസ്‌വേഡും സജ്ജമാക്കുന്നതിന് സമ്പൂർണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റത്തിലെ ജി-സ്യൂട്ട് ലിങ്കിൽ hscap ന്റെ ഐഡി ഉപയോഗിച്ച് ലോഗിൻ ചെയ്ത് കുട്ടിയുടെ ക്ലാസ് ഡിവിഷനും (ഓരോ കോഴ്സിനും A, B, C ............... എന്ന ക്രമത്തിൽ) സെക്കന്റ് ലാംഗ്വേജും അതത് പ്രിൻസിപ്പൽമാരുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തേണ്ടതാണ് (യൂസർ ഗൈഡ് സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്.)

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**